# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2501 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വികേന്ദ്രീകൃത മാലിന്യ സംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അബ്ദുൽ ഹമീദ്.പി. | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാകാത്തത് കാരണം മാലിന്യങ്ങൾ കുന്നുകൂടി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനും മാലിന്യങ്ങൾ കുന്നുകൂടുന്ന പ്രവണത ഇല്ലാതാക്കുന്നതിനും പകർച്ച വ്യാധികൾ ഇല്ലാതാക്കുന്നതിനും ശുചിത്വ മിഷന്റെ പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനം വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.<br>2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപണികളും അപ്ഗ്രഡേഷനും.<br>3. മെറ്റീരിയൽ റിക്കവറി ഫസിലിറ്റി.<br>4. സ്ളോട്ടർ ഹൗസ്, ക്രിമറ്റോറിയം.<br>5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.<br>6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്ലറ്റ്.<br>7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.<br>8. വിവരവിജ്ഞാന വ്യാപനം. |
| (ബി) | വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് എന്തെങ്കിലും ബൃഹത് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ശുചിത്വ-മാലിന്യ സംസ്ക്കരണ മേഖലയ്ക്ക് ഊന്നൽ നൽകി ഹരിതകേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തിരുമാനിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ